# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4516** **26.06.2014 ൽ മറുപടിക്ക്**

**മാവേലിസ്റ്റോറുകളുടെ പ്രവർത്തനം**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| (എ) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ താഴെകാണിച്ചിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1) ഡിപ്പോതലത്തിൽ ജൂനിയർ മാനേജർ ( മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) മുഖേന നടത്തുന്ന നിരീക്ഷണ സംവിധാനവും എല്ലാ മാസവും ഡിപ്പോ തലത്തിൽ നടത്തുന്ന അവലോകന മീറ്റിംഗുകളും മാവേലി സ്റ്റോറുകളുടെ കാര്യക്ഷമത ഉയർത്തുവാൻ സഹായകമാകുന്നുണ്ട് .<br><br>2) ഡിപ്പോതലത്തിൽ ജൂനിയർ മാനേജർമാർ( മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) നടത്തുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട്, റീജിയണൽ തലത്തിലും ഹെഡാഫീസ് തലത്തിലും അവലോകനം നടത്താറുണ്ട്.<br><br>3) പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ നിയമാനുസൃതമായ അളവിലും നിരക്കിലും ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലിസ്റ്റോർ/ സൂപ്പർമാർക്കറ്റ് തലത്തിലും അതാത് വിൽപ്പനശാലയിലെ മാനേജർ ബന്ധപ്പെട്ട ഡിപ്പോ മാനേജർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ ചെയർമാൻ, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഒരു വനിത ഉപഭോക്താവ്, ഒരു മുതിർന്ന ഉപഭോക്താവ് എന്നിവരടങ്ങിയ ഔട്ട്ലെറ്റ് ഉപദേശക സമിതി രൂപീകരിച്ച് നടപടി ആയിട്ടുണ്ട്. ഈ കമ്മിറ്റികൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് വിൽപ്പനശാലകളുടെ പ്രവർത്തനം |

സംബന്ധിച്ച് അവലോകനം നടത്തുന്നതാണ് പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4) എല്ലാ മാസവും 5,25 തീയതികളിൽ ഉപഭോക്തൃദിനമായി ആചരിക്കുവാനുള്ള തീരുമാനമായിട്ടുണ്ട്. ഈ ദിനങ്ങളിൽ മേഖല മാനേജർ / ഡിപ്പോമാനേജർ/ ജൂനിയർ മാനേജർ എന്നിവരിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ ഔട്ട്ലെറ്റുകൾ സന്ദർശിക്കുകയും ഉപഭോക്താക്കളുടെ പരാതി നേരിട്ട് സ്വീകരിക്കുകയും ചെയ്യും.

5) മാവേലിസ്റ്റോർ/ സൂപ്പർമാർക്കറ്റ് മാനേജർമാർക്കും അവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി വരുന്നു.

6) സ്ഥലപരിമിതികളുള്ളതും ആവശ്യത്തിന് അവശ്യവസ്തുക്കൾ സൂക്ഷിക്കുവാനുള്ള സൗകര്യമില്ലാത്തതുമായ മാവേലിസ്റ്റോറുകൾ സ്ഥലസൗകര്യമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങളിലേക്ക് മാറ്റുവാനും നടപടികളെടുത്തുവരുന്നു.

7) കൂടാതെ 10 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള മാവേലിസ്റ്റോറുകൾ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദവും വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകളാക്കാൻ നടപടികളെടുത്തു വരുന്നു.

**(ബി)** അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ;

**(ബി)** അവശ്യഭക്ഷ്യവസ്തുക്കളുടെ പ്രത്യേകിച്ച് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ സ്റ്റോക്ക് എല്ലാ വില്പനശാലകളിലും ഉറപ്പ് വരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും എസ്.പി.റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ആഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം എന്നിവർ മുഖേന വില്പനശാലകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

ഡിപ്പോതലത്തിൽ ജൂനിയർ മാനേജർ ( മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) പ്രതിമാസം കുറഞ്ഞത് പത്ത് വിൽപ്പനശാലകൾ എങ്കിലും പരിശോധന നടത്തി സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പുവരുത്തുന്നു.

കൂടാതെ കഴിഞ്ഞ മാസത്തിലെ വില്പന, കഴിഞ്ഞ വർഷം ഈ മാസത്തെ വില്പന, ഉൽസവ സീസൺ എന്നിവ കണക്കിലെടുത്ത് ആവശ്യത്തിന് സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ സമയത്ത് വില്പനശാലകളിലെത്തിക്കാൻ സ്വന്തം വണ്ടികൾ ലഭ്യമല്ലാ എങ്കിൽ വണ്ടികൾ വാടകയ്ക്കെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മുകളിൽ വിശദീകരിച്ചതനുസരിച്ച് എല്ലാ വിൽപ്പനശാലകളിലും ആവശ്യ വസ്തുക്കളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും ലഭ്യത ഇത്തരത്തിൽ ഉറപ്പ് വരുത്തുന്നു.

| | | | |
|---|---|---|---|
| **(സി)** | സ്വകാര്യ സൂപ്പർമാർക്കറ്റുകളിലേതുപോലെ ഓരോ ഉല്പന്നത്തിനും പ്രത്യേക വിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | **(സി)** | നിലവിൽ പരിഗണനയിലില്ല |

Beena

സെക്ഷൻ ഓഫീസർ

6/7